(ബി) അവ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ;

(സി) അവയ്ക്ക് ഇക്കഴിഞ്ഞ വർഷം ഗവൺമെൻറ് എന്തെല്ലാം സഹായങ്ങൾ ചെയ്തുവെന്ന് വിശദീകരിക്കുമോ;

(ഡി) കാര്യക്ഷമമായി പ്രവർത്തിക്കാത്ത സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ ഗവൺമെൻറ് പ്രത്യേക നടപടികളെന്തെങ്കിലും എടുത്തിട്ടുണ്ടോ;

(ഇ) എങ്കിൽ എന്തു നടപടിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 41 (നാൽപ്പത്തി ഒന്ന്)

(ബി) അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു†.

(സി) അനുബന്ധം I 'എ' യിലും 'ബി' യിലും ചേർത്തിരിക്കുന്നു. †

(ഡി) എടുത്തിട്ടുണ്ട്.

(ഇ) ഇത്തരം സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ സത്വരമായ നടപടികളും സ്വീകരിക്കണമെന്ന് 8-1-86-ലെ എച്ച്. ജി. 3/68065/85-ാം നമ്പർ കത്തു പ്രകാരം ജില്ലാ ജോയിൻറ് രജിസ്ട്രാറോട് നിഷ്കർഷിക്കുകയും ജില്ലയിലെ പട്ടികജാതി സഹകരണ സംഘങ്ങളുടെ യോഗങ്ങൾ ഓരോ മൂന്നു മാസത്തിലും വിളിച്ചു കൂട്ടി സംഘങ്ങളുടെ പ്രവർത്തനത്തിലുള്ള പ്രയാസങ്ങളും പ്രശ്നങ്ങളും ചർച്ചചെയ്തു തീരുമാനമെടുക്കണമെന്നും തീരുമാനങ്ങൾ അടിയന്തിരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ജോയിൻറ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകുകയും ചെയ്തതിൻറെ അടിസ്ഥാനത്തിൽ ഓരോ മൂന്നുമാസത്തിലും ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ ഹരിജൻ സഹകരണസംഘം ഭാരവാഹികളുടെ യോഗം നടത്തുകയും യോഗ തീരുമാനങ്ങളിൻമേൽ നടപടികളും സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ ജില്ലയിലെ സഹകരണ വകുപ്പ് ഉദ്യോഗസ്ഥൻമാർ ഓരോ രണ്ടുമാസത്തിലും സംഘങ്ങൾ സന്ദർശിച്ച് സംഘം പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകി വരുന്നു.

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകൾ

9 (2387) ശ്രീ. സി. കെ. തങ്കപ്പൻ:

,, ടി. കെ. ആറുമുഖൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾ താമസിച്ചു വരുന്ന ഹോസ്റ്റലുകൾ പലതും പൂട്ടിയിട്ടിരിക്കുകയാണെന്ന വിവരം ഗവൺമെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ഹോസ്റ്റലുകൾ; ഇതിൽ ഹരിജൻ ഹോസ്റ്റലുകൾ, ട്രൈബൽ ഹോസ്റ്റലുകൾ, കോസ്മോപോളിറ്റൻ ഹോസ്റ്റലുകൾ എന്നിവ എത്രവീതം;

† അനുബന്ധം I. I എ I ബി

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവ തുറന്നു പ്രവർത്തിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഏതാനും ചില ഹോസ്റ്റലുകൾ പൂട്ടിയിരിക്കുകയാണ്.

(ബി) ആറ്. ഇതിൽ 4 എണ്ണം വെൽഫെയർ ഹോസ്റ്റലുകളും രണ്ട് എണ്ണം കോസ്മോപോളിറ്റൻ ഹോസ്റ്റലുകളുമാണ്.

(സി) സ്വീകരിച്ചുവരുന്നു.

വൈക്കത്തെ ഹരിജൻ വിദ്യാർത്ഥിനികൾക്കുവേണ്ടി ഹോസ്റ്റൽ

10 (2388) ശ്രീ. എം.കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കത്തെ ഹരിജൻ വിദ്യാർത്ഥിനികൾക്കുവേണ്ടിയുള്ള ഹോസ്റ്റൽ പണിയുന്നതിനുള്ള തീരുമാനം ഏതു ഘട്ടത്തിലാണ്;

(ബി) ഇതിന് ആവശ്യമായ സ്ഥലം ഏടുത്തുകഴിഞ്ഞോ;

(സി) സ്ഥലം ഏറ്റെടുത്തു കഴിഞ്ഞെങ്കിൽ എന്നത്തേക്കു കെട്ടിടം പണി ആരംഭിക്കും?

ഉത്തരം

(എ) വൈക്കത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കു വേണ്ടി ഹോസ്റ്റൽ പണിയുന്നതിന് 56 സെൻറ് സ്ഥലം പൊന്നുംവിലക്കെടുക്കുവാൻ 22-2-86-ൽ ഉത്തരവായിട്ടുണ്ട്.

(ബി) ഇല്ല.

(സി) സ്ഥലം ഏറ്റെടുത്തു കഴിഞ്ഞാൽ, കെട്ടിടം പണി ആരംഭിക്കും.

പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ആദിവാസികൾക്ക് വീടു വയ്ക്കുവാൻ നൽകിയ ധന സഹായം

11 (2392) ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എത്ര ആദിവാസികൾക്ക് വീടു വയ്ക്കാൻ ധന സഹായം നൽകി;

(ബി) ഈയിനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം മൊത്തം നൽകിയ തുകയെത്ര; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോർപ്പറേഷൻ ആദിവാസികൾക്ക് ഭൂമി വാങ്ങാൻ വായ്പ നൽകുന്നുണ്ടോ;

(ഡി) ഈയിനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര സംഖ്യ നൽകി;

(ഇ) ഇതിൽ വയനാട് ജില്ലയിൽ കൊടുത്ത സംഖ്യ എത്ര;

LIBRARY ARCHIVES Kerala Legislative Assembly